# അമൃതപുരിയിൽ ബയോ ടെക്നോളജി കാമ്പസ്

കൊച്ചി: മാതാ അമൃതാനന്ദമയി മഠത്തിന്റെ കീഴിലുള്ള ഡീംഡ് സർവകലാശാലയായ അമൃത വിശ്വവിദ്യാപീഠത്തിന്റെ ബയോ ടെക്നോളജി കാമ്പസ് അമൃതപുരിയിൽ പ്രവർത്തനം ആരംഭിച്ചു. ബയോടെക്നോളജി, ബയോ ഇൻഫോർമാറ്റിക്സ് എന്നിവയിൽ എം.എസ്സി കോഴ്സുകൾ ഇവിടെയുണ്ടാകും.